# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരുവഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/1519/21 dt 12/04/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/1519/21 dt 12/04/2022 തീയ്യതി: 06/05/2022

## കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 11-10-2021 | 28-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 28-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ. ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. പ്രീത. എസ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനിൽകുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രാജശ്രീ. സി. ആർ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എസ്.ഷീജ | പ്രസിഡന്റ് | 01-04-2019 | 08-12-2019 |
| ശ്രീമതി.ജയ പ്രസന്നൻ | പ്രസിഡന്റ് | 09-12-2019 | 31-03-2020 |
| ശ്രീ.ജയപ്രകാശ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.ഒ.കോമളവല്ലി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ബേബി റൂബി.ആർ | വി.ഇ.ഒ | 01-04-2019 | 26-08-2019 |
| ശ്രീ.ബിനീഷ് ചന്ദ്രൻ.ബി | വി.ഇ.ഒ | 16-09-2019 | 31-03-2020 |
| ശ്രീമതി.അല്ലി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രവീൺകുമാർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സനോജ് സാം | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-04-2019 | 31-03-2020 |
| ഡോ.കെ.ജയകുമാർ | വെറ്റിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ.സി.സാജൻ | വെറ്റിനറി സർജൻ | 18-09-2019 | 31-03-2020 |
| ശ്രീമതി.റീന രവീന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീലത | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-05-2019 |
| ശ്രീമതി.കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ് | 03-06-2019 | 31-03-2020 |
| ശ്രീമതി.സംഗീത.ജി | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2019 | 03-06-2019 |
| ശ്രീമതി.ജീന.ജെ | ഡയറിഫാംഇൻസ്ട്രക്ടർ | 04-06-2019 | 19-11-2019 |
| ശ്രീ.എം.അബ്ദുൾ സലിം | ഡയറിഫാംഇൻസ്ട്രക്ടർ | 28-12-2019 | 31-03-2020 |
| ശ്രീമതി.ലക്ഷ്മി.ജി.മോഹൻ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ റോബിൻ .സാമുവേൽ | വി.ഇ.ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith Kumar G (Audit Officer (HG), On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: S.S.Preetha (Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: S.S.Preetha (Audit Officer, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S.S.Preetha (Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: S.S.Preetha (Audit Officer, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-4 |
| 6 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.<br>Written By: S.S.Preetha (Audit Officer, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: S.S.Preetha (Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Ranjith Kumar G (Audit Officer (HG), On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Rajasree.C.R (Auditor, On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ranjith Kumar G (Audit Officer (HG), On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 1-10 |
| 13 | ലേലം - തുക പൂർണ്ണമായും അടവാക്കിയില്ല<br>Written By: Rajasree.C.R (Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-11 |
| 14 | യു.ഐ.ടി. വാടക ഒടുക്കുവരുത്തുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Rajasree.C.R (Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-12 |
| 15 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-13 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പിരിവിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-14 |

| | | |
|---|---|---|
| 17 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം -അധികമായി നൽകിയ തുക തനതുഫണ്ടിൽ ഒടുക്കു വരുത്തി<br>Written By: Rajasree.C.R (Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-15 |
| 18 | ലൈഫ് ഭവനപദ്ധതി - വീട് പണി പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 1-16 |
| 19 | നിക്ഷേപ പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-17 |
| 20 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വിനിയോഗവിവരം ഹാജരാക്കിയില്ല<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-18 |
| 21 | കുഴൽ കിണർ നിർമ്മാണം -വിനിയോഗരേഖകൾ ഹാജരാക്കിയില്ല<br>Written By: S.S.Preetha (Audit Officer, On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-19 |
| 22 | മഴക്കാലപൂർവ്വ ശുചികരണം - ചെലവഴിക്കാത്ത തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 1-20 |
| 23 | ആദ്യ ഗഡുക്കൾ കൈ പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021) | 4-7 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 19-04-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Anilkumar S (Senior Grade Auditor, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓജിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 24-10-2021)<br>Last Updated By: Santhosh N (Computer Assistant, On 29-04-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

26.2.19 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതിക്കിയ /പരിഷ്കരിച്ച ബജറ്റ് 6.2.19 തീയതിയിലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 16.6.20 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) വസ്തുനികുതി അരിയർ ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

(2) ബാലൻസ് ഷീറ്റ് ബി.4-ഷെഡ്യൂൾ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പ തുകയും ട്രഷറി TSB Joint Venture അക്കൗണ്ട് നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23608207 |
| ഓഡിറ്റ് വർഷത്തെ വരവ് | 82198545 |
| ആകെ | 105806752 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77957574 |
| നീക്കിയിരിപ്പ് | 27849178 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1416691 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,52,38,000/- | 1,52,38,000/- | 1,26,12,965/- | 26,25,035/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,35,94,000/- | 1,35,94,000/- | 6248887/- | 7345113/- | - |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | | | | | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 11647871 | 11647871 | 4835273 | 6812598 | - |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 23057000 | 23057000 | 8233689 | 14823311 | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4688000 | 4688000 | 2890508 | 1797492 | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 0 | 1,10,60,000 | 1,10,60,000 | 1,02,60,000 | 8,00,000 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 8,69,475 | 13,36,313 | 22,05,788 | 10,59,998 | 11,45,790 | |
| MNREGS | 55481 | 12,91,688 | 13,47,169 | 13,10,169 | 37000 | |
| സമ്പൂർണ്ണശുചിത്വം | 57,29,133 | 1,79,108 | 59,08,241 | 3,62,550 | 55,45,691 | |
| സാക്ഷരത | 2,17,557 | 7,121 | 2,24,678 | 0 | 2,24,678 | |

## 1-4-1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഇവയിലെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ ഇനം തിരിച്ചുള്ള വരവ് ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 192823626 | 119 | 57923880 | 0 | 80 | 59.79% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 55481 | 1291688 | 1347169 | 1310169 | 37000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകു ന്നത്(EFMS) | 0 | 44175526 | 44175526 | 44175526 | 0 |
| ആകെ | 55481 | 45467214 | 45522695 | 45485695 | 37000 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക ₹ | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 226440 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 468000 | 72 |
| വിധവാപെൻഷൻ | 7204200 | 1248 |
| വാർദ്ധക്യകാലപെൻഷൻ | 13334700 | 2373 |
| വികലാംഗപെൻഷൻ | 2647600 | 435 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 97800 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹74269/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മാനവൽ രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തുന്നില്ല. ഒരു സാമ്പത്തിക വർഷം ഉപയോഗിച്ച രസീതുബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ കാൻസൽ ചെയ്യുന്നില്ല. രസീതുകൾ കാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രീയാത്മക നടപടികൾ സ്വീകരിക്കുന്നില്ല. മാർക്കറ്റ് ഫീസ് ലേലം കൊണ്ടതിൽ തുക നാളിതുവരെ പൂർണ്ണമായും ഒടുക്കു വരുത്തിയില്ല. ലേല വ്യവസ്ഥകൾ പാലിക്കാതെയാണ് ലേലം നടത്തുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ജില്ലാപഞ്ചായത്ത് നിർമ്മിച്ച നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും വാടകയ്ക്ക് നൽകിയില്ല. സ്ത്രീശാക്തീകരണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന യു.ഐ.ടി. യിൽ നിന്നും ലക്ഷകണക്കിനു രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു. അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും യു.എ. നമ്പർ നൽകി വസ്തു നികുതി ഈടാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും പ്രാപ്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്.

വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിതുക നിക്ഷേപിച്ച ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതായിട്ടുണ്ട്.തെരുവ് വിളക്കിന്റെ പരിപാലനംപോലുള്ള പദ്ധതി നിർവ്വഹണം സംബന്ധമായ നടപടിക്രമങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രതയുണ്ടാകേണ്ടതുണ്ട്.

ആനുകൂല്യ വിതരണത്തിൽ ഡേറ്റ് ബാങ്ക് സൂക്ഷിക്കാത്തത് ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിലും ഇതേ ആനുകൂല്യം നല്കാനുള്ള സാഹചര്യം നിലനിർത്തുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.20 | 1/20 To 3/20 | 12.1.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.9.16 To 14.10.16 | 2011-12 To 2015-16 | 14.8.17 |

### 1-11 ലേലം - തുക പൂർണ്ണമായും അടവാക്കിയില്ല

പോരുവഴി ഗ്രാമ പഞ്ചായത്തിലെ ചക്കുവള്ളി മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിക്കുന്നതിനും ചപ്പുചവറുകൾ വാരുന്നതിനുമുള്ള അവകാശം 07.03.2019 ലെ ലേലത്തിൽ ശ്രീ. സലീം, ചരുവിള താഴെ തുണ്ടിൽ, ശൂരനാട്.പി.ഒ എന്നയാൾ 30050/- രൂപയ്ക്ക് ലേലം കൊണ്ടു. എന്നാൽ ടിയാൾ 5000 രൂപ ഇ.എം.ഡി യും ലേലതുക 8000/- രൂപയും ഉൾപ്പെടെ 13000/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 17050/- രൂപയും ജി.എസ്.ടി. തുകയായ 5409/- രൂപയും നാളിതുവരെയും അടവാക്കിയിട്ടില്ല. ചക്കുവള്ളി മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം തൻവർഷം ലേലം നടന്നില്ല. ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് അടവാക്കാനവശേഷിക്കുന്ന തുകയും ജി.എസ്.ടി.യും കോമ്പൌണ്ടിംഗ് ഫീസ് ഉൾപ്പടെ വസൂലാക്കി പഞ്ചായത്തുഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ST1277/2021/11.10.21 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. തുക ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 10/2019-20 22.10.21

### 1-12 യു.ഐ.ടി. വാടക ഒടുക്കുവരുത്തുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള IX/93-ാം നമ്പർ സ്ത്രീശാക്തീകരണ കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.റ്റി എന്ന സ്ഥാപനം വാടക ഒടുക്കു വരുത്തിയിട്ടില്ല. പി.ഡബ്ള്യൂ.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാടക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 11403/-രൂപ പ്രതി മാസ വാടക നിരക്കിൽ 09.02.2015 മുതൽ കരാർ ഉടമ്പടി പ്രകാരം ടി കെട്ടിടം യു.ഐ.ടി. യ്ക്ക് വേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. 08.02.2016 ൽ കരാർ കാലാവധി അവസാനിച്ചിരുന്നെങ്കിലും കരാർ പുതുക്കിയിട്ടില്ല. 2016-17 ൽ 5%

വർദ്ധിപ്പിച്ച കെട്ടിട വാടക പഞ്ചായത്തധികൃതരുടെ നിർദ്ദേശപ്രകാരം ഒടുക്കു വരുത്തിയിരുന്നു. 2017-18 ൽ വാടക 12572/- രൂപ ആയിരുന്നിട്ടും 2018 നവംബർ മാസം വരെ 12000/- രൂപ നിരക്കിലാണ് ഒടുക്കു വരുത്തിയത്. തുടർന്ന് നാളിതുവരെയും വാടക ഒടുക്കുവരുത്തിയിട്ടില്ല. 2017-18 വർഷം 6864/- രൂപയും 2018-19 വർഷം 62412/- രൂപയും 2019-20 വർഷം 166332/- രൂപയും ഒടുക്കുവാനവശേഷിക്കുന്നു. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ വാടക കുടിശ്ശിക 69276/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കേസ് നല്കിയെങ്കിലും, കരാർ ഉടമ്പടിയുടെ അഭാവത്തിൽ പഞ്ചായത്തിന് അനുകൂല വിധിയല്ല ലഭിച്ചത്. വാടകക്കരാർ പുതുക്കാതെ കെട്ടിടം വാടകയ്ക്ക് നൽകിയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം, കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ കരാർ വ്യവസ്ഥകളോടെ കെട്ടിടം വാടകയ്ക്ക് നൽകുന്നതിനും, അല്ലാത്ത പക്ഷം വാടകക്കാരെ ഒഴിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം. 1/16.10.2021

1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | എ.എസ്. മെറ്റൽ ക്രഷർ | I,II |
| 2. | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ | I, II |

2. തൻവർഷം പഞ്ചായത്ത് പരിധിയിലെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | രാജ് കുമാർ, മംഗലശ്ശേരിൽ, ഇടയ്ക്കാട് |
| 2 | ബഷീർ എം., വാറുവിൽഹൗസ്, കമ്പലടി |
| 3 | നസീർ കെ.എസ്., കുഴിവേലിൽ പടീറ്റതിൽ, ചക്കുവള്ളി |
| 4 | സാബു എം., തരകന്റെ കിഴക്കതിൽ |
| 5 | സന്തോഷ് കുമാർ, ഉദയ ഭവനം, കമ്പലടി |
| 6 | പ്രസന്നകുമാർ, പാലത്തുണ്ടിൽ, ഇടയ്ക്കാട് |
| 7 | ഡാനിക്കുട്ടി, സജി ഭവനം, ശൂരനാട് |
| 8 | മുഹമ്മദ് ഹനീഫ റാവുത്തർ |
| 9 | ഷാജി നവാസ് |
| 10 | ബദറുദ്ദീൻ |
| 11 | ഗോപാലകൃഷ്ണ പിള്ള കെ. |
| 12 | ജലീൽ എം. |
| 13 | രാജീവ് എൻ. |

| | |
|---|---|
| 14 | നിസാമുദ്ദീൻ |
| 15 | സുരേഷ് പിള്ള ജി., ബാബുജി, ശിങ്കാരത്തോപ്പിൽ,ശൂരനാട് നോർത്ത് |

അപാകത ചൂണ്ടികാണിച്ചുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നികുതി കുടിശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി കുടിശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2 /21.10.21

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പിരിവിലെ അപാകതകൾ

പഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസിന്റെ രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ഭേദഗതി ചട്ടങ്ങൾ 2017) ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 ൽ 323 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതിൽ 48 സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ 15 സ്ഥാപനങ്ങൾ മാത്രമാണ് നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയത്. ഇതിൽ നിന്നും 01.04.19 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാകുന്നു.

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.

3. ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് നൽകുന്നതിനും ഫീസ് പിരിക്കുന്നതിനും അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. 31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം,

ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ് ആയതു പ്രകാരം അപേക്ഷകളിൽ മാറ്റം വരുത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സമയബന്ധിതമായി ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 11/22.10.21

### 1-15 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം -അധികമായി നൽകിയ തുക തനതുഫണ്ടിൽ ഒടുക്കു വരുത്തി

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം S0018/20 | വികസനഫണ്ട് – 170000<br>തനതു ഫണ്ട് – 947000 | വികസനഫണ്ട് – 170000<br>തനതു ഫണ്ട് – 889870 |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം നടത്തിയ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ മൂന്ന് സ്കൂളുകളിലെ കുട്ടികൾക്ക് അമൃത, ജ്യോതിസ്, ഉദയം എന്നീ കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന പ്രഭാത ഭക്ഷണം പാചകം ചെയ്ത് വിതരണം ചെയ്തിരുന്നു. ഇപ്രകാരം ഒരു കുട്ടിയ്ക്ക് ഒരു ദിവസം 15/- രൂപ ക്രമത്തിൽ ഭക്ഷണം പാകം ചെയ്ത് ചൂടുവെള്ളം ഉൾപ്പടെ വിതരണം ചെയ്യുമെന്നാണ് കുടുംബശ്രീ ഗ്രൂപ്പുകളുമായി ഉണ്ടാക്കിയ കരാറിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അമൃതം കുടുംബശ്രീ സെപ്റ്റംബർ മാസത്തിൽ നൽകിയ വൌച്ചർ പ്രകാരം, 145 കുട്ടികൾക്ക് 15/- രൂപ നിരക്കിൽ 16 ദിവസത്തേക്ക് 34800/- രൂപ നൽകേണ്ടതിനു പകരം 17/- രൂപ നിരക്കിൽ 39440/- രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം 4640/-രൂപ അധികമായി നൽകി. ടി തുകയിൽ 2320/- രൂപ ഒക്ടോബറിലെ വൌച്ചറിലും 145/- രൂപ മാർച്ച് മാസത്തെ വൌച്ചറിലും കുറവ് ചെയ്തിരുന്നു. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനെ തുടർന്ന് അധികമായി നൽകിയ 2175/-രൂപ 27.10.2021 തീയതിയിലെ 121010101583 ാം നമ്പർ രസീത് പ്രകാരം തനതുഫണ്ടിൽ അടവാക്കി.

ഓഡിറ്റ് എൻക്വയറി നം. 14/26.10.2021

### 1-16 ലൈഫ് ഭവനപദ്ധതി - വീട് പണി പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ലൈഫ് ഭവനപദ്ധതി (എസ്.സി)

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി(എസ്.സി)പ്രകാരം 2018-19 വർഷത്തിൽ കരാറിൽ ഏർപ്പെടുകയും നാളിതുവരെ വീട് പണി പൂർത്തികരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേരുവിവരം | കൈപ്പറ്റിയ തുക(രൂപ) | റിമാർക്സ് |
|---|---|---|
| സോമവല്ലി,<br>അമ്പിളി വിലാസം,<br>ഇടയ്ക്കാട് | 40000/-<br>ബിൽനം/ തിയതി<br>20/18-19/27.9.18 | പ്രോജക്ട് നം-78/18 |
| | 160000/- | പ്രോജക്ട്നം-199/20(SO) |

| | | |
|---|---|---|
| | ബിൽനം/ തിയതി<br>19/19-20/20.2.20 | |
| അംബുജാക്ഷി,<br>വിദ്യഭവനം<br>ഇടയ്ക്കാട് | 40000/-<br>ബിൽനം/ തിയതി<br>17/19-20/20.2.20 | പ്രോജക്ട്നം-199/20(SO) |
| ഗീത,<br>വെളുത്തേടത്ത്,<br>അമ്പലത്തുംഭാഗം | 40000/-<br>ബിൽനം/ തിയതി<br>17/19-20/20.2.20 | പ്രോജക്ട്നം-199/20(SO) |
| | 160000/-<br>ചെക്ക് നം/ തിയതി<br>782314/12.9.20 | പ്രോജക്ട്നം-233/21(SO) |

2) ലൈഫ് ഭവനപദ്ധതി (ജനറൽ)

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി (ജനറൽ) പ്രകാരം 2018-19വർഷത്തിൽ കരാറിൽ ഏർപ്പെട്ടുകയും നാളിതുവരെ വീട് പണി പൂർത്തികരി ച്ചിട്ടില്ലാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| പേരുവിവരം | കൈപ്പറ്റിയ തുക(രൂപ) | റിമാർക്സ് |
|---|---|---|
| മാരിയപ്പൻ,<br>അമ്പിളിഭവനം,<br>പനപ്പെട്ടി | 40000/-<br>ചെക്ക് നം/ തിയതി<br>634639/16.3,20 | പ്രോജക്ട് നം-198/20 |
| | 160000/-<br>ചെക്ക് നം/ തിയതി<br>782314/17.9.20 | പ്രോജക്ട്നം-232/21(SO) |
| ലീലാമ്മ ജെയിംസ്,<br>വട്ടത്തുണ്ടിൽ<br>അമ്പലത്തുംഭാഗം. | 40000/-<br>ബിൽനം/ തിയതി<br>6/18-19/26.6.18 | പ്രോജക്ട് നം-77/19 |
| | 160000/-<br>ചെക്ക് നം/ തിയതി<br>634639/16.3.20 | പ്രോജക്ട്നം-198/20(SO) |
| | 100000/-<br>ചെക്ക് നം/ തിയതി<br>782314/17.9.20 | പ്രോജക്ട്നം-232/21(SO) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ ഗുണഭോക്താക്കളുടെ വീട് ഉടൻതന്നെ പൂർത്തീകരിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ വീട് പൂർത്തികരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം - 13/26.10.21

1-17 നിക്ഷേപ പ്രവ്യത്തി- കേരള വാട്ടർ അതോറിറ്റി- വിനിയോഗസാക്ഷ്യപത്രം

ഹാജരാക്കിയില്ല

പ്രാവട്ടം ശുദ്ധജലവിതരണ പദ്ധതി- പമ്പ് ഹൗസ് പുനരുദ്ധാരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ എസ്.ഒ. 133/2019-20) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക 13,00,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്- 5,00,000/-, ബ്ളോക്ക് വിഹിതം - 4,00,000/-, ജില്ലാ വിഹിതം - 4,00,000/-) വകയിരുത്തുകയും ബിൽ നമ്പർ 4/19-20 തീയതി. 27.06.2019 പ്രകാരം 2,00,000/- രൂപ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 2,00,000/- രൂപയുടെ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കൊല്ലം ഓഫീസിൽ നല്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (28/2021 തീയതി. 28.10.2021) നുള്ള മറുപടിയിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വിനിയോഗവിവരം ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തി ശൂരനാട്, കടമ്പനാട് എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം, പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം./തീയതി | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ 211/19-20 | 45618/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 37/2019-20 / 25.02.2020 | കെഎസ് ഇബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട്. |
| 2 | 10/19-20 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 1397666/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) 13,00,000 ന്റെ വിനിയോഗം ഹാജരാക്കി 97666/- രൂപയുടെ വിനിയോഗവിവരം ഹാജരാക്കേണ്ടതാണ്. | 11,47,978/- ബിൽ നം. 5/19-20 / 17.08.2019 2,49,688/- ബിൽ നം. 6/2019-20 / 29.06.2019 | കെഎസ്ഇബി, ഇലക്ട്രിക്കൽ, ശൂരനാട്. |
| 3 | 11/2019-20 പോസ്റ്റ് ഷിഫ്റ്റിംഗ് | 59177/- | 7/2019-20 / 29.06.2019 | കെഎസ്ഇബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് 48503, കെഎസ്ഇബി, ഇലക്ട്രിക്കൽ സെക്ഷൻ, |

| | | | | |
|---|---|---|---|---|
| | | | | കടമ്പനാട് 10674/- |
| | | 99842/- | 27/19-20 / 28.02.2020 | കെഎസ്ഇബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് 81316/- കെഎസ്ഇബി, ഇലക്ട്രിക്കൽ സെക്ഷൻ, കടമ്പനാട് 18526/- |
| | | 33038/- | 51/19-20 18.03.2020 | കെഎസ് സിബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് |
| | | 7943/- | 33/19-20 01.02.2020 | കെഎസ് സിബി, ഇലക്ട്രിക്കൽ സെക്ഷൻ, ശൂരനാട് |
| | ആകെ | 3,43,284/- | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 28 തീയതി. 28.10.2021) ആയവ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 3,43,284/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 കുഴൽ കിണർ നിർമ്മാണം -വിനിയോഗരേഖകൾ ഹാജരാക്കിയില്ല

കുഴൽകിണർ നിർമ്മാണം (ചക്കുവള്ളി മാർക്കറ്റ്, പഞ്ചായത്ത് ഓഫീസ്), മൈലാട്ടുംകുന്നിലെ കുടിവെള്ള പദ്ധതി പൂർത്തീകരണം, 36 ാം നമ്പർ അംഗനവാടിയിൽ ട്യൂബ് വെൽ കം ബോർവെൽ നിർമ്മാണം പദ്ധതികളിൽ ധനകാര്യകമ്മിഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി രൂപീകരിക്കുകയും എക്സി. എഞ്ചിനീയർ, ഭൂജലവകുപ്പ് കൊല്ലം ഓഫീസിൽ തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം/പേര് | അടങ്കൽ/ഫണ്ട് ഇനം | ബിൽ നം /ചെക്ക് നമ്പർ തീയതി | ചെലവ് തുക |
|---|---|---|---|
| 132/2019-20 ചക്കുവള്ളി മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം | 2,15,936/-(ധനകാര്യകമ്മിഷൻ ഗ്രാന്റ്) | 20/19-20 തീയതി. 17.11.2019 | 1,50,000/- |
| 185/2020 പഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ നിർമ്മാണം | 200000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്) 1,19,844/-(തനത് ഫണ്ട്.) | ബിൽ നം. 21/19-20 / 11.11.19 ചെക്ക് നമ്പർ 2924202 തീയതി. | 3,19,844/- |

| | | | |
|---|---|---|---|
| | | 29.02.2020 | |
| 187/2019-20<br>മൈലാട്ടംകുന്നിലെ കുടിവെള്ള പദ്ധതി പൂർത്തീകരണം 36 ാം നമ്പർ അംഗനവാടിയിൽ ട്യൂബ് വെൽ കം ബോർവെൽ നിർമ്മാണം | 4,03,563/-<br>(ധനകാര്യകമ്മിഷൻ ഗ്രാന്റ്) | ബിൽ നമ്പർ 22/19-20 തീയതി. 11.11.2019<br>ബിൽ നമ്പർ 17/19-20 തീയതി. 11.11.2019 | 2,63,563/-<br>1,40,000/- |
| | ആകെ | | 8,73,407/- |

പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (28/2021 തീയതി. 28.10.2021) നൽകിയ മറുപടിയിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 8,73,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 മഴക്കാലപൂർവ്വ ശുചീകരണം - ചെലവഴിക്കാത്ത തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഗ്രാന്റ് വാർഡൊന്നിന് 10000/-രൂപ നിരക്കിൽ ആകെ 1,80,000/-രൂപ (ചെക്ക് നം-039234/22.5.19) മെഡിക്കൽ ഓഫീസർക്ക് നൽകി. 3, 6, 14, 18 എന്നീ വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 14 വാർഡുകളിൽ ടി പ്രവർത്തനങ്ങൾക്കായി നൽകിയ 1,40,000/- രൂപ 2019-20 വർഷത്തിൽ ചെലവഴിക്കുകയോ, ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിന് രേഖാമൂലം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 17 /28-10-21

1-21 ആദ്യ ഗഡുക്കൾ കൈ പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം. 14/20

പഠന മുറി

അടങ്കൽ – 1500000/-

ചെലവ് – 600000/-

ബിൽ നം. 1/19-20 തീ. 19-7-19 തുക - 350000/-

ബിൽ നം. 3/19-20 തീ. 29-7-19 തുക - 50000/-

ബിൽ നം. 6/19-20 തീ. 15-10-19 തുക - 100000/-

ബിൽ നം. 05/19-20 തീ. 16-10-19 തുക – 100000/-

പട്ടികജാതി വിഭാഗത്തിൽ 800 സ്ക്വയർ ഫീറ്റിൽ കുറവായ ഭവനഏരിയ ഉള്ള കുടുംബങ്ങളിലെ

കുട്ടികൾക്ക് 100 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പരിമിതപ്പെടുത്തി പഠനമുറി നിർമ്മിക്കാൻ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 150000/- രൂപ നൽകാനായിരുന്ന പദ്ധതി രൂപീകരിച്ചിരുന്നത്.

മേൽ പ്രോജക്റ്റ് പ്രകാരം ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| 1. | രമ<br>ആര്യഭവനം<br>(വാർഡ് 10 ) | ആദ്യ ഗഡു – 50000/- രൂപ<br>രണ്ടാം ഗഡു – 50000/- രൂപ |
| 2. | വിജയകുമാർ<br>ഭവ്യ ഭവനം<br>(വാർഡ് 4 ) | ആദ്യ ഗഡു – 50000/- രൂപ<br>രണ്ടാം ഗഡു – 50000/- രൂപ |

മേൽ ഗുണഭോക്താതാക്കൾക്ക് അവസാന ഗഡു പദ്ധതി ആനുകൂല്യം വിതരണം ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 11.10.21 - 13-10-21 | കെ.എസ്.എ.കെ.എൽ.എം.പി.10/1519/21<br>തീയതി – 12.04.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യകം പരാമർശിക്കണം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 26000 | 65/20 - നെൽകൃഷി വികസനം | 26000 | 0 |
| ശാസ്താംകോട്ട ബ്ലോക്ക് | 2019-20 | 400000 | 38/20 - പാലിയേറ്റീവ് കെയർ | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1747500 | 24/20 - ലൈഫ് ഭവന പദ്ധതി (ജനറൽ) | 400000 | 1347500 |
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | 5/20 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 16926 | 142/20 - ലൈഫ് ഭവന പദ്ധതി | 16926 | 0 |
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 412535 | 198/20 - ലൈഫ് ഭവന പദ്ധതി (ജനറൽ) | 412535 | 0 |
| കൊല്ലം ജില്ല പഞ്ചായത്ത് | 2019-20 | 200000 | 7/20 - അനുപൂരക പോഷകാഹാര പദ്ധതി (എസ്.സി.പി) | 200000 | 0 |
| കൊല്ലം ജില്ല പഞ്ചായത്ത് | 2019-20 | 138000 | 6/20 – അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) | 138000 | 0 |
| കൊല്ലം ജില്ല പഞ്ചായത്ത് | 2019-20 | 34000 | 65/20 - നെൽകൃഷി വികസനം | 34000 | 0 |
| കൊല്ലം ജില്ല പഞ്ചായത്ത് | 2019-20 | 105000 | 217/20 - നെൽകൃഷി വികസനം | 105000 | 0 |
| കൊല്ലം ജില്ല പഞ്ചായത്ത് | 2019-20 | 126100 | 5/20 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 126100 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 10/20-സ്ട്രീറ്റ് മെയിൻ- ലൈൻ എക്സ്റ്റൻഷൻ | 21900606 21900607 | 1397666 | 1397666 | 0 |
| KSEB | 211/20സ്ട്രീറ്റ് മെയിൻ- ലൈൻ എക്സ്റ്റൻഷൻ | 21901221 | 45618 | 45618 | 0 |
| KWA | 133/20-കടിവെള്ളപദ്ധതി നവീകരണം | 21900594 | 200000 | 200000 | 0 |
| Ground | 187/20-മൈലാട്ടുംകുന്ന് കുടി | 21901170 | 140000 | 403563 | 0 |

| | | | | | |
|---|---|---|---|---|---|
| Water Authority | വെള്ളപദ്ധതി പൂർത്തീകരണവും ,36-ാംഅംഗൻവാടി ട്യൂബ് വെൽ നിർമ്മാണവും | 21901169 | 263563 | | |
| Ground Water Authority | 132/20-ചക്കുവള്ളി മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണം | 21901171 | 150000 | 150000 | 0 |
| Ground Water Authority | 185/20-പഞ്ചായത്താഫിസിൽ കുഴൽകിണർ നിർമ്മാണം | 21901172<br>21901087 | 200000<br>119884 | 319844 | 0 |
| PWD | 80/20-പകൽവീട് ഇലക്ട്രിഫിക്കേഷൻ | 21901337 | 75696 | 75696 | 0 |
| PWD | 81/20-ചക്കുവള്ളി മാർക്കറ്റ് കെട്ടിടം ഇലക്ട്രിഫിക്കേഷൻ | 21901333<br>21901343 | 36233<br>300000 | 336233 | 0 |
| PWD | 82/20-വെറ്ററനറി സബ് സെന്റർ ഇലക്ട്രിഫിക്കേഷൻ | 21901334 | 88864 | 88864 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5418969/രൂപ വരവുണ്ട്. മുൻബാക്കി 0. രൂപയടക്കം 5418969/- രൂപയിൽ 5418969/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Hudco Loan | | 5418969 | 19801031 | 4206029 | | 21013971 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 31 | 2001-02 | 9 | ആടുകളെ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 200000 | ജയപ്രകാശ്. പി (സെക്രട്ടറി) |
| 1-18 | 343284 | ജയപ്രകാശ്. പി (സെക്രട്ടറി) |
| 1-19 | 873407 | ജയപ്രകാശ്. പി (സെക്രട്ടറി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേ ഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയപ്രകാശ്. പി (സെക്രട്ടറി) | സെക്രട്ടറി, പോരുവഴി ഗ്രാമപഞ്ചായത്ത് | ബാബുഭവനം, മനക്കര ശാസ്താംകോട്ട. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓജിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(2)/18,12.04.2018 | 6 |
| 1998-99 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(3)/18,12.04.2018 | 7 |
| 1999-00 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(4)/18,12.04.2018 | 5 |
| 2000-01 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(5)/18,12.04.2018 | 2 |
| 2001-02 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(6)/18,12.04.2018 | 1 |
| 2002-03 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(7)/18,12.04.2018 | 3 |
| 2003-04 & 2004-05 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(8)/18,12.04.2018 | 2 |
| 2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(9)/18, 12.04.2018 | 4 |
| 2006-07 | എൽ.എഫ.ക്യൂപി2 /1200/ 14 , 08.07.2014 | 8 |
| 2007-08 | എൽ. എഫ്.ക്യൂപി2/1200/ 14, 08.07.2014 | 10 |
| 2008-09 | എൽ. എഫ.ക്യൂപി2/1200/14, 08.07.2014 | 16 |
| 2009-10 | എൽ.എഫ്.ക്യൂപി21200/14, 12.06.2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂപി2/ 1200/14, 12.06.2014 | 4 |
| 2011-12 | എല്.എഫ്.ക്യൂപി2/2624/ 14, 05.03.15 | 10 |
| 2012-13 | എൽ.എഫ്.ക്യൂപി2/2624/ 14, 05.03.15 | 7 |
| 2013-14 | കെ.എസ്.എ-.എൽ.എം, പി2/94/16, 02.09.16 | 13 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം, പി2/1171/16,01.08.2016 | 24 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം, പി2/52/17,13.02.2017 | 30 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം. പി10-1245/30.11.2017 | 18 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/ പി.10/1858/2019/24/01/2020 | 18 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്